1184
5/3/13

14
2/3/13

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസന വകുപ്പ് - കളിമൺ പാത്ര നിർമ്മാണം - പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് പദ്ധതി നടത്തിപ്പിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ. (സാധാ). 18/2013/പി.സ.വി.വ. തിരുവനന്തപുരം, തീയതി: 16.02.2013.

===

പരാമർശം - 1. 21.01.2013 ലെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ BCDD/A1/724/12 നമ്പർ കത്ത്

2. 29.01.2013 - ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

**ഉത്തരവ്**

സംസ്ഥാനത്ത് കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി പ്രസ്തുത തൊഴിൽ അന്യം നിന്ന് പോകാതെ നിലനിർത്തുന്നതിനും, ടി തൊഴിലിലേക്ക് പുതുതലമുറയെക്കൂടി ആകൃഷ്ടരാക്കുന്നതിനും, മൺപാത്ര ഉപയോഗത്തിന്റെ നിലവിലുള്ള സാമൂഹിക സാഹചര്യത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം കത്തിലൂടെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

29.01.2013 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മേൽ പദ്ധതി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു. ആകയാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി "2225-03-800-85 (P)" ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 1,00,00,000 /- (ഒരു കോടി രൂപ) പരമ്പരാഗത മൺപാത്ര തൊഴിലാളികളുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പത്രക്കുറിപ്പ് മുഖേന ആവശ്യമായ പബ്ളിസിറ്റിനൽകി പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് അർഹരായവരെ കണ്ടെത്തുന്നതിന് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

2. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായ 100 വ്യക്തികൾക്ക് മൺപാത്ര നിർമമാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നവീകരണത്തിനുമായി ആകെ ചെലവിന്റെ 50% എന്ന നിബന്ധനയ്ക്ക് വിധേയമായി 50,000 രൂപ വീതം ഗ്രാന്റായി നൽകുന്നതിന് തീരുമാനിച്ചു. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ 10 പേർ ഉൾപ്പെട്ട ഗ്രൂപ്പുകൾ ആരംഭിക്കുന്ന മൺപാത്ര യൂണിറ്റുകൾക്ക് ഷെഡ്, ആവശ്യം വേണ്ടയന്ത്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 5 ലക്ഷം രൂപ (ആകെ ചെലവിന്റെ 50% എന്ന നിരക്കിൽ) അനുവദിക്കുന്നതാണ്. ഇപ്രകാരമുള്ള ഗ്രൂപ്പുകളുടെ കാര്യത്തിൽ പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ഒരു കുടുംബത്തിൽ നിന്നുള്ള ഒന്നിൽ കൂടുതൽ അംഗങ്ങൾ ഉണ്ടായിരിക്കുവാൻ പാടില്ല.

...........(2)

3. ഈ പദ്ധതി പ്രകാരം, അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി **2013 മാർച്ച് 07 (07.03.2013)** ആയിരിക്കും. പദ്ധതി പ്രകാരമുള്ള അർഹരായ ഗുണഭോക്താക്കളെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറും, ഖാദി ബോർഡിന്റെയും വ്യവസായ വകുപ്പിന്റെയും മൺപാത്ര, ceramic വിഭാഗങ്ങളിലെ വിദഗ്ധരുൾപ്പെട്ട കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതാണ്.

4. ഈ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയശേഷം ഒന്നാം ഗഡുവിനായി ആവശ്യം വേണ്ടിവരുന്ന തുക "2225–03–800-85 (P)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ **2013 മാർച്ച് 20 -ാം (20.3.2013) തീയതിക്കു മുമ്പ്** പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**നെജിമുദ്ദീൻ. റ്റി. എസ്**
*അഡീഷണൽ സെക്രട്ടറി*

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ